# വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977

സെക്രട്ടറി
വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്
മെഡിക്കൽ കോളേജ് പി. ഒ.
തിരുവനന്തപുരം - 695011

Kumar
4/10/77

1977ലെ വയലാർ രാമവർമ്മ സാഹിത്യ അവാർഡിനു പരിഗണിക്കപ്പെടുന്ന അഞ്ചു പുസ്തകങ്ങളും ഞാൻ പരിശോധിച്ചു. അവയ്ക്ക് താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം നൽകുന്നു. കൃതികളെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകാരന്റെ മൊത്തം സാഹിത്യസംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും കൂടെ ചേർത്തിട്ടുണ്ട്.

സ്ഥലം തിരുവനന്തപുരം
തീയതി 30. 9. 1977

ഒപ്പ് [illegible]
പേര് ചെമ്മനം ചാക്കോ

P.T.O.

ഏ. ഒന്നാം റാങ്ക് (First Rank)

(1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര്

യന്ത്രം | മലയാറ്റൂർ രാമകൃഷ്ണൻ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

ഇന്നത്തെ ഭരണയന്ത്രത്തിന്റെ പൽച്ചക്രങ്ങൾ എവിടെ എങ്ങനെയെല്ലാം കൊളുത്തി തമ്മിൽപോലെ എങ്ങോട്ടെല്ലാം കറങ്ങുന്നു എന്ന് 'യന്ത്രം' വിദഗ്ധമായി ചിത്രീകരിക്കുന്നു. ഇന്നാട്ടിലെ സ്വാതന്ത്ര്യാനന്തര രാഷ്ട്രീയത്തിന്റെ നിഴലിലും വെളിച്ചത്തിലും, പകലിലും പാതിരകളിലും അനുസ്യൂതമായി നിർവഹണം നടക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ലോകം ഇതിൽ നാം വിശദമായി ദർശിക്കുന്നു. സ്വകാര്യതാൽപര്യത്തിനും, കണക്കുകൂട്ടലുകൾക്കും, ചരടുവലികൾക്കുമിടയിൽ ആദർശങ്ങൾ ചതഞ്ഞരയുന്ന ദയനീയദൃശ്യം നാം കണ്ടു ഞെട്ടിത്തരിച്ചു പോകുന്നു. സാധാരണ ജനത, അവരുടെ മുകളിൽ പടുത്തിരിക്കുന്ന ഭരണകൂടത്തിന്റെ ഏഴാംനിലയിലെ പൊരുത്തംകെട്ട ജീവിതത്തിന്റെ തനിനിറം കാണുന്നത് ഇതാദ്യമായിട്ടാണ്. ഗ്രാമീണസാഹചര്യത്തിൽനിന്ന്, ആധുനിക മോടിയുടെയും സമ്പന്നതയുടെയും അധികാരത്തിന്റെയും ഉന്നതമേഖലയിലേക്കു കടന്നുകൂടാനിടയാകുന്ന ഒരു ധിഷണാശാലി, സാംസ്കാരികനിലവാരഭേദത്തിന്റെ ദുഷ്ഫലങ്ങളനുഭവിച്ചു വീർപ്പുമുട്ടി ദുഃഖാന്തരപ്പെടുന്നതെങ്ങനെയെന്നും നമുക്കു യന്ത്രത്തിൽ വായിക്കാം.

ബാലചന്ദ്രൻ, ജെയിംസ്, കൃഷ്ണൻ, ജയശങ്കർ, ശേഖരപിള്ളയും പത്നികളും, ആനി, ചീഫ് സെക്രട്ടറി, പ്രസന്നൻ മന്ത്രി, ചന്ദ്രശേഖരൻ നേതാവ് തുടങ്ങിയ ഓരോ കഥാപാത്രങ്ങളുടെ ആന്തരഗതവശങ്ങളുടെ ചിത്രീകരണത്തിലൂടെയാണ് മലയാറ്റൂർ ഇതു സാധിക്കുന്നത്. അതുതന്നെ വിശ്വാസ്യതയുടെ നൂലിഴകൾ പൊട്ടാതെ നെയ്തുചേർക്കുവാൻ കഴിഞ്ഞിരിക്കുന്നു. സ്വാനുഭവത്തിൽ നിന്നൂറുമ്പോൾ വസ്തുതകൾക്കു ലഭിക്കാവുന്ന മിഴിവും യന്ത്രത്തിനുണ്ട്; അനുഭവപരമെന്നവാശേഷിപ്പിക്കാത്ത വിധത്തിൽ.

നേർവഴിക്കുപോകുന്ന ഒരു ഭരണകൂടം രാജ്യപുരോഗതിയുടെ നട്ടെല്ലാണ്. ഇതു മറന്ന് കണ്ണുകെട്ടി ജീവിതം നയിക്കുന്ന ഭരണതലത്തിലെ ഉദ്യോഗസ്ഥന്മാരെ ആ മറനീക്കി തനിവേഷത്തിൽ സാധാരണക്കാർക്കുവരെ ഇങ്ങനെയാരും കാണിച്ചുകൊടുത്തിട്ടില്ല. സാധാരണജനങ്ങളെല്ലാം ഭേലുക്കോസ സ്വരൂപത്തിൽ വരെ അനുഭവിച്ചറിയുന്നു. അവരുടെ ബ്യൂറോക്രസി അധികാരധാർഷ്ട്യത്തിന്റെയും, കാപട്യത്തിന്റെയും, പൊങ്ങച്ചത്തിന്റെയും കയത്തിൽ ഉഴലേണ്ടിയിരിക്കുന്നു. അതിനെല്ലാം ശക്തവും നിർഭയവുമായ ഒരു ശ്രമമാണ് ഇതിലൂടെ മലയാറ്റൂരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. എവിടെ ഗ്രന്ഥകാരന്റെ വ്യക്തമായ ലക്ഷ്യമുണ്ട്. സമൂഹത്തോടുള്ള കടപ്പാട് നിർവഹിക്കുന്ന ഒരു തൂപ്പുകാരനെ ഞാൻ കാണുന്നു. സാമൂഹ്യബോധമുൾക്കൊള്ളുന്ന ഇത്തരം കൃതികൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഞാൻ അതിന് അങ്ങേയറ്റം വില കൊടുക്കുന്നു. ഒഴുക്കുള്ളതും ചമൽക്കാരഭംഗിയുള്ളതുമാണ് മലയാറ്റൂരിന്റെ ഭാഷ. ദീർഘപ്രയത്നവും ഇതുപോലൊരു കലാസൃഷ്ടിയുടെ പിറകിലുണ്ട്.

ഇതു തന്റെ ഏറ്റവും വലിയ നോവലാണെന്ന് ഗ്രന്ഥകാരൻ അഭിമാനിക്കുന്നു. ആ അഭിമാനം ഫലത്തിൽ ഒരുവേള നേരത്തെ കരുതിയിരുന്നതിൽ അധികരിച്ചതിനെ കുറെ പ്രതിഫലിപ്പിച്ചിട്ടുണ്ട്. കുറേ രംഗങ്ങൾ കുറയ്ക്കാമായിരുന്നു; എന്നാൽ ഗ്രന്ഥത്തിന്റെ വലിപ്പത്തിനനുസരിച്ച് കഥാപാത്രങ്ങളെ പെരുപ്പിച്ചിട്ടില്ല എന്ന് ആശ്വാസമുണ്ട്. സംഭാഷണത്തിലെ 'ഇംഗ്ലീഷ്' ആധിക്യമായി വായനക്കാരനെ സംബന്ധിച്ചിടത്തോളം.

മൗലികപ്രതിഭ തെളിയിക്കുന്ന മലയാളത്തിലെ ഒന്നാംതരം നോവലിസ്റ്റാണ് മലയാറ്റൂർ. വേരുകൾ, യക്ഷി, യന്ത്രം എന്നിവയോരോന്നും തനതായ വ്യക്തിത്വം പുലർത്തുന്ന നോവലുകളാണ്.

Chemmanam Chacko.

ബി. രണ്ടാം റാങ്ക് (Second Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

അഗ്നിസാക്ഷി — ലളിതാംബിക അന്തർജ്ജനം

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

ഭർത്താവിന്റെ ഇല്ലത്തിൽ ആചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും നടുവിൽ വീർപ്പുമുട്ടുന്ന തേതിയേടത്തി, ഉള്ളിൽ മിന്നിനീറിപ്പിടിച്ച പുരോഗമനചിന്തയാൽ നാട്ടിലിറങ്ങി സാമൂഹ്യപ്രവർത്തനത്തിനും സ്വാതന്ത്ര്യസമരത്തിനും വിട്ടുകൊടുത്ത ദേവകി മാനമ്പള്ളി, ആദരണീയമായ ആദർശങ്ങളെ ആശ്ലേഷിച്ച് ഗാന്ധിശിഷ്യയായി കാലം കഴിക്കുന്ന ദേവീബഹൻ, സ്വാതന്ത്ര്യാനന്തര രാഷ്ട്രീയ വൈകല്യങ്ങൾ കണ്ടു മനം മടുത്ത് ലൗകികജീവിതത്തിൽ നിന്ന് ഒട്ടുമുക്കാലും ഒളിച്ചോടുന്ന സുമിത്രാനന്ദ — ഒരു നമ്പൂതിരിപ്പെൺകിടാവിന്റെ ഈ ജീവിതഗതിയിലൂടെ നാട്ടിലെ കഴിഞ്ഞ മൂന്നു നാലു ദശകങ്ങളുടെ ചിത്രം 'അഗ്നിസാക്ഷി'യിൽ വരച്ചിരിക്കുന്നു. നമ്പൂതിരിയില്ലങ്ങളിലെ നാലുകെട്ടിനകത്തെ ജീവിതം അതിവിദഗ്ദ്ധമായി ചിത്രീകരിക്കുന്ന ഒട്ടേറെ കഥയെഴുതി കൈത്തഴക്കം വന്ന അന്തർജ്ജനത്തിന്റെ തൂലിക. സാമൂഹ്യപരിഷ്കരണലക്ഷ്യമുള്ള അനതിദീർഘമായ ഒരു സ്വതന്ത്രനോവലാണ് അഗ്നിസാക്ഷി.

യാഥാസ്ഥിതികത്വത്തിന്റെയും പിന്തിരിപ്പൻജീവിതഗതിയുടെയും ഉൾപ്പെടപ്പിക്കാതെ സ്വയം സമർപ്പിച്ചുനിൽക്കുന്ന ഉണ്ണിയേട്ടന്റെ രൂപം വായനക്കാരുടെ ഹൃദയത്തിൽ തെളിഞ്ഞുനിൽക്കും. നാടകീയതയിൽനിന്ന് ഒരു ആഖ്യാനരീതി അവലംബിച്ചിരിക്കുന്ന രചനയിൽ. ചിലപ്പോൾ വായനക്കാരെ തെല്ലൊരു മതിവിഭ്രമത്തിന് അടിമയാക്കുന്നുണ്ട്. കഥാകാരി തങ്കം നായരിൽ കൂടി തന്റെ അനുഭവങ്ങൾക്കും അഭിലാഷങ്ങൾക്കും രൂപം നൽകുന്നു.

ദേവകി അന്തർജ്ജനത്തിന്റെ ജീവിതമാണ് പ്രധാന കഥാതന്തു. ഇല്ലത്തിന്റെ മതിൽക്കെട്ടു ചാടുന്നതുവരെയുള്ള കഥാപാത്രത്തിന്റെ വളർച്ച സംഭവപരിണാമങ്ങളിലൂടെ ഗ്രന്ഥകർത്രി നമുക്ക് അനുഭവപ്പെടുത്തിത്തരുന്നു. എന്നാൽ പിന്നീടങ്ങോട്ടുള്ള അവരുടെ ജീവിതപരിണാമം സംഭവങ്ങളിലൂടെ അനുഭവപ്പെടുത്തിത്തരാൻ കഴിഞ്ഞിട്ടില്ല. ഗ്രന്ഥകാരിയുടെ പ്രസ്താവനകളിലൂടെ വായനക്കാർ ഗ്രഹിക്കേണ്ടിയിരിക്കുന്നു. അനിയേട്ടന്റെ പരിണാമഗതിയും അപ്രകാരം തന്നെ. അതിനാൽ കഥയുടെ ഉത്തരഭാഗത്തിന്റെ സ്വാഭാവികതയ്ക്കും മിഴിവിനും മങ്ങലേൽക്കുന്നു. സംഭവപരിണാമങ്ങളിലൂടെ കാണേണ്ടതെല്ലാം ഗ്രന്ഥകാരിയുടെ വാക്കിനെ വിശ്വസിച്ച് വായനക്കാരൻ ഗ്രഹിക്കേണ്ടിയിരിക്കുന്നു. കാലഗണനയും കൂടുതൽ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

മലയാളസാഹിത്യത്തിലെ നവോത്ഥാനഘട്ടത്തിൽ സാമൂഹ്യപുരോഗതിക്കുവേണ്ടി തൂലിക ചലിപ്പിക്കുകയും, നമ്പൂതിരിജീവിതത്തിലെ ജീർണ്ണതകളെ തുറന്നുകാട്ടുവാൻ രംഗത്തിറങ്ങുകയും ചെയ്തു കേരളീയരുടെ ആദരം പിടിച്ചുപറ്റിയ എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. ക്ഷീണിതമാണെങ്കിലും ഉണങ്ങാത്ത വേദനയും ഇന്നും അവർ സൂക്ഷിക്കുന്നു.

Chemmanam Chacko.

സി. മൂന്നാം റാങ്ക് (Third Rank)

(1) കൃതിയുടെ പേരു് | ഗ്രന്ഥകർത്താവിൻെറ പേരു്

അക്ഷരം | ഒ.എൻ.വി. കുറുപ്പ്

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിൻെറ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

ഒ.എൻ.വി.യുടെ അറുപതു ലഘുകവിതകളുടെ സമാഹാരമാണ് അക്ഷരം. നശ്വരതയെ കുറിച്ച് ഉയർന്നു നിൽക്കുന്ന അനശ്വരതക്കുവേണ്ടിയുള്ള തീവ്രാഭിലാഷത്തിന്റെ പ്രകാശനമാണ് "ഫീനിക്സ്" എന്ന കവിത. ശക്തിയും സൗന്ദര്യവും ഒന്നിച്ചിണക്കുവാൻ ഇത്തരം കവിതകളിൽ ഒ.എൻ.വി.ക്കു വിരുതേറും. ഗ്രാമപ്രകൃതിയുടെയും ഗ്രാമീണപ്രകൃതിയുടെയും ശാലീനസൗന്ദര്യം വരച്ചുകാട്ടുന്ന 'ചത്തവേരുകൾ.' പ്രതീകങ്ങളുടെ നിരുപമഭംഗിയും കരുത്തും, കല്പനകളുടെ അനവദ്യതയും ഒ.എൻ.വി.യുടെ കവിതകളിലെങ്ങും കാണാം. പഴയ നാടൻ പാട്ടുകളുടെ മധുരഭംഗികൾ ഉൾക്കൊണ്ട് കാവ്യസൗന്ദര്യം നിറം വയ്ക്കുന്നു 'പഴയൊരു പാട്ടിൽ'. 'നരനായിങ്ങനെ', 'കൊച്ചുദുഃഖം' എന്നിവയിലെല്ലാം സാമൂഹ്യവിമർശകനായ ഒരു കവിയെ കണ്ടുമുട്ടുന്നു. കേവലനശ്വരതയുടെ വാസനക്കുനേരെയുള്ള പ്രതിഷേധം 'വെക്കലാണല്ലോ, മാപ്പ്'ൽ ഉയരുന്നു. ഒരുജനതയുടെ ദുഃഖത്തിൽ ഹൃദയപൂർവ്വം പങ്കുകൊണ്ട് അവർക്ക് ആശയും ആവേശവുമേകുന്ന മനുഷ്യസ്നേഹിയും ദേശസ്നേഹിയും 'ഹാരുതിന്നിൽ' ഉയരുന്നു. ദുഃഖത്തെ ശക്തിയും സൗന്ദര്യവുമാക്കിമാറ്റുന്നതാണ് ഒ.എൻ.വി.യുടെ കവിത.

എന്നാൽ 'അക്ഷരം' ഒ.എൻ.വി.യുടെ വരെയുള്ള കവിതകളുടെ ഒരു സമാഹാരമാണ് എന്നു പറയാനാവില്ല. എങ്കിലും അദ്ദേഹത്തിന്റെ ഒന്നാംതരം കവിതകളാണ് എന്നുതന്നെ പറയാം.

പുതിയതലമുറയിൽപ്പെട്ട ഏറ്റവും പ്രതിഭാശാലിയായ കവിയാണ് ഒ.എൻ.വി.. മയിൽപ്പീലി, നീലക്കണ്ണുകൾ, ഒരുതുള്ളി വെളിച്ചം, കറുത്ത മൈന, അഗ്നിശലഭങ്ങൾ മുതലായവയിലെ കവിതകൾ കാല്പനികകാവ്യസൗന്ദര്യം കൊണ്ടു മനോഹരങ്ങളാണ്.

[signature]

ഡി. നാലാം റാങ്ക് (Fourth Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

അയ്യപ്പപ്പണിക്കരുടെ കൃതികൾ — കെ. അയ്യപ്പപ്പണിക്കർ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

1952 മുതൽ 1969 വരെ അയ്യപ്പപ്പണിക്കർ എഴുതിയ 72 കവിതകൾ ചേർത്തു പ്രസിദ്ധീകരിച്ചതാണ് ഈ കൃതി ഗ്രന്ഥം. 'ഹേ, ഗഗാറിൻ', 'കുരുക്ഷേത്രം' എന്നീ പ്രശസ്ത കവിതകൾ ഈ സമാഹാരത്തിലുണ്ട്; ഒട്ടേറെ ആദ്യകാല രചനകളും, ശ്രവ്യ-പാഠ്യ എന്നൊരു സംഗീതികയും.

ജീവിതദർശനത്തിലും, കാവ്യസങ്കല്പത്തിലും, കാവ്യബിംബപ്രയോഗത്തിലും, പദരചനയിലും വൃത്തശില്പത്തിലും മൗലികമായ പുതുമ കലർത്താൻ പണിക്കരുടെ തൂലികശക്തി നേടുന്നതു് നമുക്കു പല കവിതകളിലും കാണാം. പാശ്ചാത്യ കവികളുടെ പ്രേരണാശക്തി ഇവയിൽ പലതിന്റെയും പിന്നിലുണ്ട്. ആധുനികമെന്നു വിശേഷിപ്പിക്കുന്ന ~~[illegible]~~ കവിതാവിഭാഗത്തിന്റെ ഘോഷയാത്രയുടെ തുടക്കങ്ങൾ ഈ കവിതകൾ എന്നു പറയാം.

1969-നു ശേഷം രചിച്ചതും, അഗാധമായ മോഹഭംഗത്തിന്റെയും, വിഷാദത്തിന്റെയും തീക്ഷ്ണതയും, സൂക്ഷ്മബിംബകല്പനകളും, ഉൽക്കണ്ഠകളുടെ പരിവേഷങ്ങളും കൊണ്ടു മികവാർന്ന അയ്യപ്പപ്പണിക്കരുടെ പ്രധാനകവിതകളൊന്നും 1974-ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

മലയാള കവിതയ്ക്കു പുതിയൊരു മാനവും രൂപവും സൃഷ്ടിച്ച ആധുനിക കവിതാ പ്രസ്ഥാനത്തിന്റെ ആവിഷ്കർത്താക്കളിൽ പ്രധാനിയാണ് അയ്യപ്പപ്പണിക്കർ.

[illegible]

[illegible]

ഇ. അഞ്ചാം റാങ്ക് (Fifth Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

ഇനി ഞാൻ ഉറങ്ങട്ടെ — പി. കെ. ബാലകൃഷ്ണൻ

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

വ്യാസഭാരതം വായിച്ച് അതിൽ ജീവിച്ച് സ്വന്തമുദ്രകൊണ്ട്, മഹാഭാരതകഥയ്ക്കു നോവൽരൂപം നൽകിയതാണ് 'ഇനി ഞാൻ ഉറങ്ങട്ടെ'. കർണന്റെയും ദ്രൗപദിയുടെയും ജീവിതം പ്രധാന കഥാതന്തുവായെടുത്തു കൂട്ടിച്ചേർത്ത് കെട്ടുറപ്പുള്ള ഒരു സാഹിത്യശില്പം ഉണ്ടാക്കുവാൻ പി. കെ. ബാലകൃഷ്ണൻ ശ്രമിച്ചിരിക്കുന്നു. ഒരു ലേഖകന്റെയും നിരൂപകന്റെയും നിയന്ത്രണബുദ്ധി, കഥയ്ക്ക് ദൃഢബന്ധമുള്ള ആവിഷ്കരണഭംഗി നൽകിയിരിക്കുന്നു. ഹൃദ്യമായ സംഭാഷണത്തിലെ ആശയങ്ങൾ മഹാഭാരതത്തിലെ താളുകളിൽ ജീവിക്കുന്നവയാണ്.

ഒരു അതിപ്രശസ്തകാവ്യത്തിലെ കഥ മറ്റൊരു സാഹിത്യരൂപത്തിൽ ആവിഷ്കരിച്ചു എന്നു പറഞ്ഞാൽ, ആവിഷ്കരണകലയിൽ സ്വപ്രതിഭ കാണിച്ചു എന്നല്ലാതെ, കഥാസൃഷ്ടിയിൽ രചയിതാവു മൗലികസംഭാവന ചെയ്തു എന്നു പറയാനാവില്ലല്ലോ.

സ്വതന്ത്രനും നിർഭയനുമായ ഒരു വിമർശകനാണ് പ്രധാനമായും പി. കെ. ബാലകൃഷ്ണൻ. നോവൽസാഹിത്യത്തെക്കുറിച്ച് അഗാധമായ പല താരതമ്യപഠനങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ട്. ആശാൻ കവിതയെക്കുറിച്ചും.

ഒപ്പ് [signature]
30.9.1977

[Phone 61022]

പേര് ഭുവനം ചാക്കോ
വഴുതക്കാട്

മേൽവിലാസം തിരുവനന്തപുരം-14